ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡം

44 (3767) ശ്രീ. എം. എ. ബേബി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത മാനദണ്ഡം മാറ്റുന്നത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; പരാതികളിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങളിൽ നിലപാട് വിശദമാക്കാമോ ;

(സി) 2015 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരെ കൂട്ടത്തോടെ അന്യജില്ലകളിലേക്ക് മാറ്റാൻ നയപരമായ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ സർക്കാർ വിദ്യാലയങ്ങളിലെ അക്കാദമിക അന്തരീക്ഷത്തെ ബാധിക്കുന്ന പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനം വിശദമാക്കാമോ ;

(ഡി) 2015 മേയ് മാസത്തിലെ ഉത്തരവ് പ്രകാരം മാർച്ച് മാസം നടത്തേണ്ട സ്ഥലംമാറ്റം ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ നടത്തുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത സ്ഥലംമാറ്റം സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ടിരുന്നോ ; 2015 മേയ് മാസത്തിൽ കമ്മീഷൻ നൽകിയ ഉത്തരവ് സംബന്ധിച്ച് വിശദമാക്കാമോ ;

(എഫ്) പ്രസ്തുത ഉത്തരവിന് വിരുദ്ധമാണ് ഇപ്പോഴത്തെ സ്ഥലംമാറ്റ ഉത്തരവ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച നിലപാട് വിശദമാക്കാമോ ;

(ജി) ഇതിനകം നടത്തിയ സ്ഥലംമാറ്റങ്ങളും പ്രൊമോഷനും സംബന്ധിച്ചുണ്ടായ പരാതികളിൽ ഇനിയും തീർപ്പാക്കാൻ അവശേഷിക്കുന്നവയുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ പൊതുസ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ 27-5-2015-ലെ സ.ഉ. (പി) 143/2015/പൊ.വി. പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) 25 പരാതികൾ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. മാതൃജില്ലക്കുപുറത്ത് സേവനമനുഷ്ഠിച്ച സേവനദൈർഘ്യം ഒറ്റ യൂണിറ്റായി പരിഗണിക്കുക, ജില്ലയിൽ അഞ്ചുവർഷം പൂർത്തീകരിച്ചുകഴിഞ്ഞ അദ്ധ്യാപകരിൽ പുറത്തുപോകേണ്ടിവരുന്ന അദ്ധ്യാപകരെ മറ്റ് ജില്ലയിലേക്കും സ്ഥലം മാറ്റത്തിന് പരിഗണിക്കുക, മാർച്ച് 31 സീനിയോറിറ്റി കണക്കാക്കുന്നതിന് മാറ്റി നോട്ടിഫിക്കേഷൻ തീയതി സീനിയോറിറ്റി കണക്കാക്കുന്നതിന് പരിഗണിക്കുക എന്നിവയാണ് പരാതികളിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ. സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്ഥലംമാറ്റം നടത്തുന്നത്. നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ലാത്തതിനാൽ പരാതിക്കാരുടെ ആവശ്യം പരിഗണിക്കാൻ കഴിയുകയില്ല.

(സി) ഇല്ല. 27-5-2015-ലെ സ.ഉ. (പി)143/2015/പൊ.വി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മാതൃജില്ലയിൽ അഞ്ച് വർഷം പൂർത്തീകരിച്ചു കഴിഞ്ഞ അദ്ധ്യാപകരെ യോഗ്യരായ അപേക്ഷകരുടെ അടിസ്ഥാനത്തിൽ മാത്രം മാറ്റാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻപ്രകാരം ഹയർ സെക്കണ്ടറി ഡയറക്ടറുടെ 1-7-2015-ലെ എഡി സി6/5697/2015 നമ്പർ സർക്കുലർ പ്രകാരം 2015-16 വർഷത്തെ പൊതു സ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖാന്തരം അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

(ഡി) പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ ഭേദഗതി ചെയ്യണമെന്ന അദ്ധ്യാപക സംഘടനകളുടെ അഭ്യർത്ഥനയനുസരിച്ച് പുതുക്കിയ പൊതുസ്ഥലം മാറ്റ മാനദണ്ഡങ്ങൾ 27-5-2015-ലാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയത് പ്രകാരം ഈ വർഷംതന്നെ സ്ഥലംമാറ്റം നടത്തണമെന്ന് പരാതികളും നിവേദനങ്ങളും അദ്ധ്യാപകരിൽനിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് 2015 ജൂലൈ മാസംതന്നെ അപേക്ഷ ക്ഷണിച്ചത്.

(ഇ&എഫ്) ഇതുസംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ 2015 മേയ് മാസത്തിൽ നൽകിയ ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല.

(ജി) ഉണ്ട്. പ്രസ്തുത പരാതികൾ 2014-15 അക്കാദമിക് വർഷം അവസാനിക്കുന്ന സമയത്താണ് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ ലഭിച്ചിരുന്നത്. പ്രൊമോഷന്റെ പരാതികൾ പരിശോധിച്ച് നിയമാനുസൃതമായ നടപടി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചുവരുന്നു. സ്ഥലംമാറ്റം സംബന്ധിച്ച പരാതികൾ 2015-16-ലെ പൊതുസ്ഥലംമാറ്റത്തിൽ ചട്ടങ്ങൾക്കനുസരിച്ച് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly